**പതിനാലാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4577 **26.10.2016**-ലെ മറുപടിക്ക്

<u>ഭവനനിർമ്മാണത്തിനായി നൽകിയിരുന്ന ധനസഹായം</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.മുരളീധരൻ<br>ശ്രീ.എ.പി. അനിൽ കുമാർ<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ** | | **ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിനായി നൽകിയിരുന്ന ധനസഹായം 3 ലക്ഷം രൂപയായി മുൻ സർക്കാരിന്റെ കാലത്ത് വർദ്ധിപ്പിച്ചിരുന്നോ; എങ്കിൽ എന്നാണ് വർദ്ധനവ് ഉത്തരവായത്; | (എ) | പട്ടികജാതി പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിനായി നൽകിയിരുന്ന ധനസഹായം യഥാക്രമം 3,00,000/- രൂപയായും 3,50,000/- രൂപയായും മുൻ സർക്കാരിന്റെ കാലത്ത് വർദ്ധിപ്പിച്ചിരുന്നു. യഥാക്രമം 11.07.2014-ലും 14.05.2015-ലുമാണ് വർദ്ധനവ് ഉത്തരവായത്. |
| (ബി) | പ്രസ്തുത വർദ്ധനവ് ഐ.എ.വൈ ഗുണഭോക്താക്കൾക്കും ബാധകമാക്കിയിരുന്നോ; വ്യക്തമാക്കുമോ | (ബി) | ബാധകമാക്കിയിരുന്നു. 17.07.2015-ലെ സ.ഉ (സാധാ) നം.2174/15/തസ്വഭവ ഉത്തരവ് പ്രകാരം പ്രസ്തുത വർദ്ധനവ് IAY ഗുണഭോക്താക്കൾക്കും ബാധകമാക്കിയിട്ടുണ്ട്. |
| (സി) | ഇതിൽ സംസ്ഥാന സർക്കാരിന്റെ വിഹിതം എത്രയായിരുന്നു; നിലവിൽ കുടിശ്ശിക ഉണ്ടോ; വെളിപ്പെടുത്തുമോ; | (സി) | IAY പദ്ധതിയിൽ വീടൊന്നിന് സർക്കാർ വിഹിതം 1,00,000/- രൂപയാണ്. നിലവിൽ കുടിശ്ശികയുണ്ട്. നിലവിൽ 247.39 കോടി രൂപ കുടിശ്ശികയുണ്ട്.<br>(പട്ടികജാതി 203 കോടി രൂപ<br>പട്ടികവർഗ്ഗം 44.39 കോടി) |
| (ഡി) | കുടിശ്ശിക തുക പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമവകുപ്പിൽ നിന്നും അനുവദിച്ച് വീടുകളുടെ പണി അടിയന്തരമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | ഫണ്ടിന്റെ ലഭ്യതയനുസരിച്ച് വീടുകളുടെ പണി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ